# SSLC MODEL EXAMINATION 2022-23

## കേരള പാഠാവലി

**SET-2**

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.

(4 × 1 =4)

1 'ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു' (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഇതിലെ ആശയത്തിന് യോജിക്കുന്ന വാക്യം ഏത്?

- ഘടികാരത്തിന്റെ ശബ്ദം പെട്ടെന്ന് ഉച്ചത്തിലായി
- ഘടികാരം ചലിക്കുന്ന ശബ്ദംപോലും കേൾക്കാൻ കഴിയുന്നതരം നിശ്ശബ്ദത ആ വീട്ടിൽ ഉണ്ടായിരുന്നു
- ഘടികാരം വൻശബ്ദത്തോടെ താഴെ വീണു
- ഘടികാരത്തിൽനിന്ന് ഇടവിട്ട് വലിയ ശബ്ദം കേട്ടുതുടങ്ങി

2 'ചവറുകൾക്കുപകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.' (അക്കർമാശി)

ശരൺകുമാർ ലിംബാളെ ഇങ്ങനെ പറയാൻ കാരണമെന്ത്?

- അവർ ചപ്പുചവറുകൾക്കിടയിൽനിന്ന് ആഹാരസാധനങ്ങൾ കണ്ടെത്തിക്കഴിച്ചിരുന്നു.
- ചപ്പുചവറുകൾ പെറുക്കി വിൽക്കുന്നത് പ്രധാന തൊഴിലായിരുന്നു.
- ചപ്പുചവറുകൾക്ക് മതിയായ വില ലഭിക്കാത്ത അവസ്ഥയുണ്ടായിരുന്നു.
- അവരുടെ വിശപ്പിനെസമൂഹം അവഗണിച്ചിരുന്നു.

3 'എന്റെ മുൻജന്മപാപം അന്ന് ഫലോന്മുഖമായിരുന്നിരിക്കണം.അതാണ് ദയാലുവായ ആര്യപുത്രൻ അന്ന് എന്നോടിങ്ങനെ പ്രവർത്തിച്ചത്' (ഋതുയോഗം)

ഈ സന്ദർഭത്തിന് യോജിച്ച പഴഞ്ചൊല്ല് ഏത് ?

- എരിതീയിൽ എണ്ണ ഒഴിക്കുക.
- ചൊട്ടയിലെ ശീലം ചുടലവരെ.
- വിനാശകാലേ വിപരീതബുദ്ധി.
- മടിയൻ മല ചുമക്കും.

4 ‘ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം’

ഇവിടെ ‘ഭോഗങ്ങൾ’എന്ന പദത്തിന്റെ അർത്ഥം-

- സുഖസൗകര്യങ്ങൾ
- ആഗ്രഹം
- കാണപ്പെടുന്നത്
- വിശപ്പ്

5 ‘ഭാവശാലികൾ പിരിഞ്ഞുകൂടിയാ

ലീവിധം വികലമാംസുഖോദയം’

അടിവരയിട്ട പദം പിരിച്ചെഴുതുന്നത്

- സുഖ + ഉദയം
- സുഖം + ഉദയം
- സുഖോ + ഉദയം
- സുഖ + ഓദയം

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 × 2 =4)**

6 ‘ഭൂമിക്കൊപ്പം അഴലിൻ ചുമടുമായി ഇരിക്കുമൊരമ്മയെ’ (മൈക്കലാഞ്ജലോ മാപ്പ്)

മറിയയെ ഇങ്ങനെ വിശേഷിക്കാൻ കാരണമെന്താവാം? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക

7 ‘ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല. ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്.’ (ആത്മാവിന്റെ വെളിപാടുകൾ)

നോവലെഴുത്തിനെക്കുറിച്ചുള്ള എന്തെല്ലാം കാഴ്ചപ്പാടുകളാണ് ഈ വരികളിലുള്ളത്?

8 ‘ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റ് കണ്ണീര് തൂകാതിരിക്കാൻ ആർക്ക് സാധിക്കും.’ (യുദ്ധത്തിന്റെ പരിണാമം)

ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ രണ്ട് സ്വഭാവഗുണങ്ങൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (5 × 4=20)

9 ‘എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു’ (അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ജീവിതാനുഭവങ്ങൾനൽകുന്ന സന്ദേശമെന്തെന്ന് കണ്ടെത്തി എഴുതുക

10 ‘അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ

മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി’ (പ്രലോഭനം)

‘പുഷ്കരനെ പ്രലോഭിപ്പിക്കാൻ കലി മനഃശാസ്ത്രപരമായ സമീപനം സ്വീകരിക്കുന്നു.’ - ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

11 ‘ഞാൻ ഇന്ത്യയിൽ ജീവിക്കാനാഗ്രഹിക്കുന്നു. ഇന്ത്യ എന്തു നല്ല നാടാണ്.’ (വിശ്വരൂപം)

വൃദ്ധന്റെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

12 'വെള്ളായിയേ' മാപ്പിള പറഞ്ഞു.

'മരയ്ക്കാരേ' വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ട് വാക്കുകൾ'

ദീർഘമായ സംഭാഷണങ്ങൾ അർത്ഥപൂർണമായ മൗനത്തിലൂടെ

അവതരിപ്പിക്കുന്നത് 'കടൽത്തീരത്ത്'എന്ന കഥയുടെ ഭാവസൗന്ദര്യം വർദ്ധിപ്പിക്കുന്നു. പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

13 'ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ !

ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ !' (അശ്വമേധം)

മനുഷ്യന്റെ അജയ്യതയിൽ ഊറ്റം കൊള്ളുന്ന കവിയാണ് വയലാർ. തന്നിരിക്കുന്ന വരികൾ വിശകലനംചെയ്യുക.

14 'അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. മാതാവിനോടുള്ള മകന്റെ സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം എഴുതുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** $(2 \times 6=12)$

15 'ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും

വിശ്വവും നിശ്ശേഷ ധാന്യധനാദിയും

സത്യമെന്നാകിലേതൽ പ്രയാസം തവ

യുക്തമല്ലായ്കിലെന്തതിനാൽ ഫലം' - ലക്ഷ്മണ സാന്ത്വനം

ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിനു നൽകുന്ന ഉപദേശം കൂടിയാണ്. പ്രസ്താവന വിശകലനം ചെയ്ത് 'എഴുത്തച്ഛന്റെ ജീവിതവീക്ഷണം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

16 'മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്...'

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ ആവിഷ്കാരഭംഗി, പ്രയോഗസവിശേഷതകൾ, സാമൂഹികപ്രസക്തി മുതലായവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുക.

17 'എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെ എപ്പോഴും വരുകയും പോവുകയും ചെയ്യാം.' (പാവങ്ങൾ)

'പാപത്തെ വെറുക്കുക; പാപിയെ സ്നേഹിക്കുക'. (ബൈബിൾ)

ഈ മഹത്തായ ആശയം സ്വന്തം ജീവിതത്തിലൂടെ പകർന്നുനൽകിയ മഹാനായ മനുഷ്യസ്നേഹിയാണ് 'പാവങ്ങൾ' എന്ന നോവലിലെ മെത്രാൻ. മെത്രാൻ എന്ന കഥാപാത്രത്തിന്റെ നിരൂപണം തയാറാക്കുക.